പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5785 — 27.10.2011-ൽ മറുപടിയ്ക്ക്

## 12-ാം പഞ്ചവത്സര പദ്ധതിയിൽ കാർഷിക മേഖലയ്ക്ക് പ്രത്യേക പരിഗണന

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. വി. റ്റി. ബൽറാം :<br>ശ്രീ. എം. എ. വാഹിദ് : | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) 12-ാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖയിൽ കാർഷിക മേഖല പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; | (എ) 12-ാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖയിൽ കാർഷിക മേഖല പ്രോത്സാഹിപ്പിക്കുന്നതിനായി. താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.<br><br>(1) കാർഷിക ഉൽപ്പന്നങ്ങളുടെ ഉത്പ്പാദനക്ഷമത വർദ്ധിപ്പിക്കുക, അനുബന്ധ തൊഴിൽ മേഖലകൾ കണ്ടെത്തുക, മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുക, വിപണന സൗകര്യം മെച്ചപ്പെടുത്തുക എന്നീ പ്രവർത്തനങ്ങളിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക<br><br>(2)ഉത്പ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന കേന്ദ്രഗവേഷണ സ്ഥാപനങ്ങളും കേരള കാർഷിക സർവ്വകലാശാലയും യോജിച്ച് 5 കാർഷിക ഇക്കോളജിക്കൽ മേഖലയ്ക്ക് 23 അഗ്രോഇക്കോളജിക്കൽ |

യൂണിറ്റുകൾക്കും വേണ്ടി ഉത്പ്പാദനാപാധികൾക്കായി പ്രത്യേകം പാക്കേജ്.

(3) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ ആർ.കെ.വി.വൈ. മറ്റ് കേന്ദ്രസർക്കാർ പദ്ധതികൾ തുടങ്ങിയവയുമായി യോജിപ്പിച്ച് കൂടുതൽ തുക പദ്ധതികൾക്കായി ലഭ്യമാക്കുക.

(4) കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് സബ്സിഡി നേരിട്ട് നൽകുക.

(5)ആത്മ, കൃഷിഭവൻ തുടങ്ങിയവയിലൂടെ കാർഷിക വിജ്ഞാനം ശക്തിപ്പെടുത്തുക.

(6)ബയോടെക്നോളജി, പ്രിസിഷൻ ഫാമിംഗ് തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക.

(7)തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹായത്തോടെ അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കുകയും കാർഷിക യന്ത്രവത്ക്കരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

(8)ഉത്പ്പന്നങ്ങളുടെ മൂല്യവർദ്ധനങ്ങൾക്കുള്ള പ്രോജക്ടുകൾക്ക് പ്രത്യേക ഊന്നൽ നൽകുക.

(9)മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ സൂക്ഷ്മ മൂലകങ്ങളുടെ പ്രയോഗം, ആവശ്യമുള്ളയിടങ്ങളിൽ പ്രോത്സാഹിപ്പിക്കുക

(10)നെൽ ഉത്പ്പാദനം 25 ശതമാനവും പച്ചക്കറി ഉത്പ്പാദനം 50 ശതമാനവും വർദ്ധിപ്പിക്കുക വഴി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്ന പദ്ധതികൾക്ക് ഊന്നൽ നൽകുക.

(11) കേന്ദ്ര സംസ്ഥാന പദ്ധതികളിലുൾപ്പെടുത്തി കർഷകർക്ക് ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയവ ഉറപ്പുവരുത്തുന്ന കർഷകക്ഷേമ പരിപാടികൾ ആവിഷ്ക്കരിക്കുക.

(12)കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി കരാർ കൃഷി പ്രോത്സാഹനം.

(13)കാർഷിക മേഖലയിൽ ശാസ്ത്ര സാങ്കേതിക വിഷയങ്ങളുടെയും ആധുനിക രീതികളുടെയും പ്രോത്സാഹനം.

(14) കാർഷിക മേഖലയുടെ പ്രോത്സാഹനത്തിനായി സോയിൽ സർവ്വേ നടപ്പിലാക്കുന്ന സോയിൽ ഹെൽത്ത് കാർഡ് പദ്ധതി കൂടുതൽ കർഷകർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ 12-ാം പഞ്ചവത്സര പദ്ധതിയിൽ നടപ്പിലാക്കുക.

(15) നീർത്തടാധിഷ്ഠിത വികസന പരിപാടികൾ ബ്ലോക്ക്- ഗ്രാമ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്നതിനു വേണ്ട സമഗ്രമായ സാങ്കേതിക സഹായം നൽകുക.

(16) 12-ാം പദ്ധതി കാലത്ത് കീടനാശിനികളുടെ അമിത ഉപയോഗമുള്ള ജില്ലകളിലെ മണ്ണിലെ കീടനാശിനികളുടെ അളവിനെ സംബന്ധിച്ചുള്ള പഠനം ഏറ്റെടുത്ത് നടപ്പിലാക്കുക.

| | | | |
|---|---|---|---|
| (ബി) | കാർഷികമേഖലയ്ക്ക് പ്രത്യേക പരിഗണന നൽക്കുന്നതിന് തീരുമാനമായിട്ടുണ്ടോ? | (ബി) | വിവിധ മേഖലകൾക്ക് ഉന്നൽ നൽകുന്ന കാര്യങ്ങൾ ചർച്ച ചെയ്തു വരുന്നു. |
| (സി) | കർഷകർക്കുള്ള സബ്സിഡി തുക നേരിട്ട് അവരുടെ ബാങ്ക് അക്കൗണ്ടിൽ എത്തിക്കുന്ന സംവിധാനം ഉറപ്പാക്കുമോ? | (സി) | കർഷകർക്കുള്ള സബ്സിഡി നേരിട്ട് ബാങ്ക് അക്കൗണ്ടിൽ എത്തിക്കുന്നതിന് ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ